# 64

# ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചു വസ്തുതകൾ

## (20:11-15)

ഒരു പ്രഭാതത്തിൽ, ഉറങ്ങുവാൻ കഴിയാതിരുന്നതിനാൽ, ഒരു യുവ അഭിഭാഷകനാകുവാൻ ശ്രമിക്കുന്നയാൾ ഭാവിയെ കുറിച്ച് ചിന്തിച്ചുകൊണ്ട് കിടന്നു. ക്ഷണിക്കപ്പെടാത്ത ചോദ്യങ്ങൾ അയാളുടെ മനസിലേക്ക് വന്നു.

"ഇത് പാസായി കഴിഞ്ഞാലെന്ത് ചെയ്യും?"

"അഭിഭാഷകനായി സേവനം നടത്തും."

"പിന്നെ എന്ത്?"

"ഞാൻ സമ്പന്നനാകും."

"പിന്നെ എന്ത്?"

"ഞാൻ മരിക്കും."

"പിന്നെ എന്ത്?"

ഒരു നിമിഷം കഴിഞ്ഞ ശേഷം, വിഷമിപ്പിക്കുന്ന ഉത്തരം വന്നു: "ന്യായവിധി."

ന്യായവിധിയിൽ ദൈവത്തെ അഭിമുഖീകരിക്കുന്നതിനെ കുറിച്ചുള്ള ചിന്ത ആ യുവാവിന്റെ ജീവിതം മാറ്റി[1] - അത് നിങ്ങളുടെ ജീവിതത്തെയും മാറ്റും. ഒരു വലിയ രാജതന്ത്രജ്ഞനായിരുന്ന ദാനിയേൽ വെബ്സ്റ്ററോട്, അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചിന്ത എന്തായിരുന്നു എന്ന് ചോദിച്ചതിന് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു, "എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചിന്ത എനിക്ക് വ്യക്തിപരമായി ദൈവത്തോടുള്ള ഉത്തരവാദിത്വമാണ്."[2]

ശലോമോൻ എഴുതി, "യൗവനക്കാരാ നിന്റെ യൗവനത്തിൽ സന്തോഷിക്ക, ... യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ ... നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് നടത്തും എന്നറിക" (സഭാപ്രസംഗി 11:9). തത്വചിന്തകന്മാരോട്, പൗലൊസ് അരയോപക കുന്നിൽ വെച്ചു പറഞ്ഞു, "... ലോകത്തെ ദൈവം നീതിയോടെ ന്യായം വിധിക്കുവാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കയാൽ, അവൻ ഇപ്പോൾ എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ കൽപിക്കുന്നു" (പ്രവൃത്തികൾ 17:30, 31). അവൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതി, "നാമെല്ലാവരും ദൈവത്തിന്റെ ന്യായവിസ്താരമുൻപാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരിന്ത്യർ 5:10). എബ്രായ ലേഖകൻ പറഞ്ഞു, "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യന് ദൈവം നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27).

വെളിപ്പാട് 20 ന്റെ ആദ്യഭാഗത്ത്, സാത്താന്റെ അന്തിമ സ്ഥാനം നാം

കണ്ടു. പിന്നീട്, അദ്ധ്യായം 21 ലും 22 ലും ദൈവത്തെ അനുസരിച്ചവർക്കുള്ള അന്തിമ സ്ഥാനം നാം കാണും. നമ്മുടെ ഇപ്പോഴത്തെ വേദഭാഗം (അദ്ധ്യായം 20 ന്റെ അവസാനഭാഗം) 20:1-10 നും വെളിപ്പാടിലെ അവസാനത്തെ രണ്ട് അദ്ധ്യായത്തിനും ഇടക്ക് ഒരു പാലം ആകുകയാണ്. സാത്താനെ തുടർച്ച യായി അനുഗമിക്കുന്നവരുടെ അന്തിമസ്ഥാനം അത് വെളിപ്പെടുത്തുന്നു. 20:11 -15 ലെ സന്ദേശം എല്ലാവർക്കും ഉള്ളതാണ് - അതിൽ നിങ്ങളും ഉൾപ്പെടുന്നു. "ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചു വസ്തുതകൾ" അത് പ്രഖ്യാപിക്കുന്നു.

## ഒരു ന്യായവിധി
## നാളുണ്ടാകും (20:12)

വാക്യം 12-ൽ നാം വായിക്കുന്നു, "മരിച്ചവർ ആബാലവൃദ്ധം ന്യായാസ നത്തിന് മുൻപിൽ നിൽക്കുന്നതു ഞാൻ കണ്ടു ... മരിച്ചവർക്ക് അവരുടെ പ്ര വർത്തികൾക്കടുത്ത *ന്യായവിധി* ഉണ്ടായി." (എംഫസിസ് മൈൻ.)

തിരുവെഴുത്തിൽ ന്യായവിധിയെ കുറിച്ച് ധാരാളം വിവരണങ്ങൾ കാ ണാം, അതിലൊന്നാണ് മത്തായി 25:31-46. "തികച്ചും സമ്പദ്വ്യവസ്ഥ പോ ലെയാണ്"[3] വെളിപ്പാട് 20-ൽ വിവരിച്ചിരിക്കുന്നത്. ടി. എഫ്, ഗ്ലാസെൻ പ റഞ്ഞത്, "സംക്ഷിപ്തമായിട്ടാണെങ്കിലും, അന്തിമന്യായവിധിയെ കുറിച്ചുള്ള ആ വിവരണം ഏറ്റവും താൽപര്യം ജനിപ്പിക്കുന്നതാണ്."[4]

വെളിപ്പാട് 20:11-15 അന്തിമന്യായവിധിനാളിനെ കുറിച്ചാണ് പറയുന്നതെന്ന് ഞാൻ ആദ്യം തന്നെ പറയേണ്ടിയിരിക്കുന്നു. റോമിന് നേരിട്ടതായ താൽക്കാ ലിക ന്യായവിധി ആണ് അതെന്ന് ചിലർ കരുതുന്നു. അതിന് സാധ്യതയുണ്ട്,[5] എന്നാൽ ഇവിടെ കാണിച്ചിരിക്കുന്നത് അന്തിമ ന്യായവിധി ആണെന്നാണ് മിക്ക എഴുത്തുകാരും വിലയിരുത്തുന്നത് - ഞാൻ അതിനോട് യോജിക്കുന്നു. താഴെ പറയുന്ന കാര്യങ്ങൾ ചിന്തിക്കുക:

(1) വെളിപ്പാടിൽ ഈ ന്യായവിധിക്ക് മുൻപ് മറ്റൊരു ന്യായവിധി നടക്കുന്ന തായി പറയുന്നില്ല: സാത്താനെ തുടച്ചുമാറ്റുന്നത് (20:10). ഈ വർത്തമാനകാലം അവസാനിക്കുമ്പോഴാണ് സാത്താനെ നരകത്തിലേക്ക് തള്ളിക്കളയുന്നത്.

(2) അന്തിമന്യായവിധി നാളിന്റെ ഘടകങ്ങളാണ് ഈ വേദഭാഗത്ത് അട ങ്ങിയിരിക്കുന്നത്: മരിച്ചവർ ഉയർക്കുകയും ന്യായവിധിക്കായി എല്ലാവരും ദൈവമുൻപാകെ നിൽക്കുകയും ചെയ്യും. ദുഷ്ടന്മാർ നരകത്തിലേക്ക് പോ കും, എന്നാൽ നീതിമാന്മാർ സ്വർഗത്തിലേക്ക് പോകും (മത്തായി 25:34, 41, 46). റബൽ ഷെല്ലി പറഞ്ഞു, "ഇവിടെ വിവരിക്കുന്ന ന്യായവിധി രംഗം പു തിയനിയമത്തിലെ ശേഷിച്ച ഭാഗങ്ങളിലെ ന്യായവിധിയെ കുറിച്ചുള്ള ഓരോ വിവരണവുമായി യോജിക്കുന്നതാണ്."[6]

(3) വെളിപ്പാടിലെ മറ്റു ന്യായവിധി രംഗവിവരണത്തിൽ ഉൾപ്പെടുത്താത്ത ഒരു ഘടകം ഈ രംഗത്തിൽ കാണാം: മരണത്തെ ഇല്ലാതാക്കൽ (20:14). ക്രിസ്തുവിന്റെ വാഴ്ച്ച അവസാനിക്കാതെ മരണത്തെ ഇല്ലാതാക്കുകയില്ല (1 കൊരിന്ത്യർ 15:25, 26).

(4) വെളിപ്പാട് പുസ്തകം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയിരി ക്കുന്നു. 20 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിലേത് "അധികവും ഒന്നു തന്നെ" യാണെങ്കിൽ, പുസ്തകം മൂർദ്ധന്യാവസ്ഥയിലെത്താതെ അവസാനിപ്പി ക്കുകയാവും. ഡബ്ലിയു. ബി. വെസ്റ്റ് ജൂനിയർ എഴുതി, "വെളിപ്പാട് പുസ്തക

ത്തിന്റെ എല്ലാം അവസാനം അദ്ധ്യായം 20 ന്റെ അവസാനഭാഗവും 21 ഉം 22 ഉം അദ്ധ്യായങ്ങളുമാണ്. അവയാണ് മുഴുവൻ മൂർദ്ധന്യാവസ്ഥയും നൽകുന്നത്. അവയില്ലെങ്കിൽ പുസ്തകം അവസാനിക്കാതിരിക്കും."[7] അക്കാരണത്താൽ, 20:11–15 സംസാരിക്കുന്നത് അന്തിമവിധിയെ കുറിച്ചാണെന്ന് ഞാൻ പറയുന്നു.

ബൈബിളിൽ *ഒരു* വലിയ ന്യായവിധിദിവസത്തെ കുറിച്ചു മാത്രമെ പറയുന്നുള്ളു എന്ന് ഞാൻ ഊന്നി പറയണം. മിക്ക പ്രിമില്ലെനിയലിസ്റ്റുകളും ഒന്നിലധികം ഉയർത്തെഴുന്നേൽപുള്ളതായി പഠിപ്പിക്കുന്നുവെന്ന് ഞാൻ മുൻപ് പറയുകയുണ്ടായി. അവർ മിക്കപേരും ഒന്നിലധികം ന്യായവിധിനാളുണ്ടെന്നും പഠിപ്പിക്കുന്നു.[8] എങ്ങനെയായാലും, ബൈബിൾ പഠിപ്പിക്കുന്നത് ഒന്നു മാത്രമാണെന്നാണ്. യേശു പലപ്പോഴും *അന്ത്യ*നാളിനെ കുറിച്ച് സംസാരിച്ചിട്ടുണ്ട്. (യോഹന്നാൻ 6:39, 40, 44, 54; എംഫസിസ് മൈൻ): നീതിമാന്മാർ അന്ത്യനാളിൽ ഉയർത്തെഴുന്നേൽക്കും (യോഹന്നാൻ 11:24), ദുഷ്ടന്മാരെ "അന്ത്യനാളിൽ" ന്യായംവിധിക്കയും ചെയ്യും (യോഹന്നാൻ 12:48). "അവസാന ദിവസം" *ഒന്നു* മാത്രമെ ഉണ്ടാകു - അന്ന് മരിച്ചവർ ഉയിർക്കുകയും എല്ലാവരും ന്യായവിധിക്കായി നിൽക്കുകയും ചെയ്യും.

ന്യായവിധിയെ സംബന്ധിച്ച് നിങ്ങൾ ആദ്യം അറിഞ്ഞിരിക്കേണ്ട വസ്തുത എന്തെന്നാൽ ഒരു ന്യായവിധി ദിവസമുണ്ട*ാകും* എന്നതാണ്. എഡ്വേർഡ് മെഡവൽ എഴുതി, "നമ്മുടെ പ്രസംഗങ്ങളിലധികവും നഷ്ടമായിട്ടുള്ളത് ... ചരിത്രത്തിൽ ദൈവത്തിന്റെ കരവും, ചരിത്രത്തിൽ അവനുള്ള ദിശാബോധത്തോടുകൂടിയ ലക്ഷ്യവും പൂർത്തീകരണവും. ദൈവം ഒരു പൂർത്തീകരണം വരുത്തുമെന്ന അറിവ് നമക്ക് വേണം."[9] ആ "പൂർത്തീകരണമാണ്" ന്യായവിധിനാൾ. ഈ ഭൂമിയിലെ ജീവിതം ആ അവസാന സംഭവത്തിലേക്കാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. ലോക ചരിത്രം ഉരുളുന്നത് ആ ഒരു സന്ദർഭത്തിലേക്കാണ്.[10]

## കർത്താവായിരിക്കും നിങ്ങളുടെ ന്യായാധിപൻ
## (20:11)

ആ ദിവസത്തെ വിവരിച്ച് യോഹന്നാൻ പറഞ്ഞു, "ഞാൻ വലിയോരു വെള്ള സിംഹാസനവും അതിന്മേൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു" (വാ. 11). അദ്ധ്യായം 4-ൽ നാം ഈ സിംഹാസനത്തെ ആദ്യം കണ്ടു: പ്രപഞ്ചത്തിന്റെ മദ്ധ്യേയുള്ള സിംഹാസനം. ഇവിടെ അതിനെ "വെള്ള" സിംഹാസനം എന്നാണ് പറഞ്ഞിരിക്കുന്നത് കാരണം അതിൽ ഇരിക്കുന്നവൻ പരിശുദ്ധനാണ്. അത് "വലുതാണ്" കാരണം അത് മറ്റെല്ലാ സിംഹാസനങ്ങൾക്കും മുകളിലാണ്.

"അതിൽ ഇരിക്കുന്നവൻ ആരാണ്?" സിംഹാസനത്തെ "ദൈവത്തിന്റെ സിഹാസനം" എന്നാണ് വിളിച്ചിരിക്കുന്നത് (റോമർ 14:10), അതിനെ "ക്രിസ്തുവിന്റെ ന്യായാസനം" എന്നും വിളിച്ചിട്ടുണ്ട് (2 കൊരിന്ത്യർ 5:10). പിതാവും പുത്രനും ന്യായാസനത്തിൽ ഇരിക്കും,[11] ന്യായവിധിയിൽ രണ്ട് പേരും ഉൾപ്പെടും. പൗലൊസ് പറഞ്ഞു, "താൻ നിയമിച്ച *പുരുഷൻ മുഖാന്തരം* ദൈവം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽനിന്നുയർത്തെഴുന്നേൽപിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പും നൽകിയിരിക്കുന്നു" (പ്രവൃത്തികൾ 17:31; എംഫസിസ് മൈൻ). വീണ്ടും പൗലൊസ് എഴുതി, "ദൈവം യേശുക്രിസ്തു *മുഖാന്തരം*

സകല രഹസ്യങ്ങളെയും ന്യായവിധിയിൽ വെളിപ്പെടുത്തും" (റോമർ 2:16; എംഫസിസ് മൈൻ).[12]

സിംഹാസനത്തിലിരിക്കുന്നവനെ കുറിച്ച് യോഹന്നാൻ പറഞ്ഞു, "തന്റെ സന്നിധിയിൽനിന്ന് ആകാശവും ഭൂമിയും ഓടിപോയി. അവയെ പിന്നെ ആരും കണ്ടില്ല" (വാ. 11). ആ പ്രസ്താവന "നമ്മുടെ ഭൗതിക ഇന്ദ്രിയങ്ങൾ കൊണ്ട് ന മുക്ക് അറിയാവുന്ന പ്രപഞ്ചമാണ്"[13] സൂചിപ്പിക്കുന്നത്. "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും" എന്നാണ് കർത്താവ് പറഞ്ഞത് (മത്തായി 5:18). പത്രൊസ് എഴുതി. "കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകയും ഭൂമിയും അതിലുള്ള പണികളൊ ക്കെയും വെന്തുപോകയും ചെയ്യും" (2 പത്രൊസ് 3:10).[14] നാം അടുത്ത പാ ഠത്തിൽ കാണുവാനിരിക്കുന്നതുപോലെ, "ആദ്യത്തെ" ഭൂമിയും ആകാശവും നീങ്ങിപോകുന്നതോടെ "പുതിയ" ആകാശത്തിനും പുതിയഭൂമിക്കും സാധ്യത ഒരുങ്ങും (21:1).

സന്ദർഭത്തിൽ, എങ്ങനെയായാലും, ഊന്നൽ ആകാശവും ഭൂമിയും ഒഴി ഞ്ഞുപോകുന്നതിനല്ല, പിന്നെയോ കർത്താവിന്റെ തേജസിനാണ്. "സിംഹാ സനത്തിലിരിക്കുന്നവന്റെ പ്രഭ വലുതായതുകൊണ്ട്, സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളികൾ അപ്രത്യക്ഷമാകുന്നതുപോലെ, ആകാശത്തിനും ഭൂമിക്കും അവന്റെ മുൻപിൽ നിൽക്കുവാൻ കഴിഞ്ഞില്ല."[15]

ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട രണ്ടാമത്തെ വസ്തുത എന്തെന്നാൽ *കർത്താവായിരിക്കും* ന്യായാധിപൻ എന്നതാണ്. ഒരു വ്യഭിചാരി ണിയുമായുള്ള അഭിമുഖത്തിൽ അവളുടെ പ്രാർത്ഥനാ ജീവിതത്തെ കുറിച്ചു ചോദിച്ചു. ആ ചോദ്യത്തിനുള്ള മറുപടിയായി അവൾ പറഞ്ഞു, "[ദൈവം] എന്നെ ന്യായം വിധിക്കുവാൻ പോകുന്നില്ല. ദൈവം ആരെയെങ്കിലും ന്യായം വിധിക്കുമെന്നും എനിക്ക് തോന്നുന്നില്ല."[16] ആ വിശ്വാസം നല്ലതാണെന്ന് അവൾക്ക് തോന്നുന്നു - പക്ഷെ അത് തെറ്റാണ്. ന്യായവിധിനാളിൽ കർത്താ വായിരിക്കും ന്യായാധിപൻ, "അവന്റെ ന്യായവിധി സത്യവും നീതിയുമുള്ള തായിരിക്കും" (19:2).

### നിങ്ങൾ അവിടെയുണ്ടാകും (20:12, 13)

യോഹന്നാൻ തുടർന്നു, "മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുൻപിൽ നിൽക്കുന്നതും ഞാൻ കണ്ടു" (വാ. 12). ന്യായവിധിയിൽ പോലും, "ദൈവത്തിന് മുഖപക്ഷം ഇല്ല" (റോമർ 2:11; പ്രവൃത്തികൾ 10:34). "പ്രധാനപ്പെ ട്ടവരും" "അപ്രധാനമായവരും" - എല്ലാവരെയും ന്യായവിധിക്ക് വിളിക്കും. "സന്നിഹിതരാകാത്തവരോ ഒഴികഴിവുള്ളവരോ ഉണ്ടാകയില്ല."[17]

അടുത്ത വാക്യം പറയുന്നു, "സമുദ്രം തന്നിലുള്ള മരിച്ചവരെ ഏൽപി ച്ചുകൊടുത്തു; ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തികൾക്ക് അടുത്ത വിധിയുണ്ടായി" (വാ. 13). വെളിപ്പാടു പുസ്തകത്തിലുടനീളം മരണവും പാ താളവും ബന്ധപെട്ടാണിരിക്കുന്നത് (1:18; 6:8). "മരണം മനുഷ്യന്റെ പൊ തുവായ വിധിയാണ് ... 'പാതാളം'[18] അവർ അതിനുശേഷം എത്തിച്ചേരുന്ന സ്ഥാനവുമാണ് ..."[19] "മരണം" അദ്ധ്യായം 6 ലെ നാലാമത്ത കുതിര-പ്പുറത്തി രുന്നവനായിരുന്നു എന്ന് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും (ഈ പാഠത്തി ന്റെ അവസാനം വരുന്ന "നാലാമത്തെ കുതിരക്കാരൻ" എന്ന ചിത്രീകരണം നോക്കുക.), അതിനെ തുടർന്നാണ് "പാതാളം"[20] വരുന്നത്.

ലോക ചരിത്രത്തിലെല്ലാം ശരീരങ്ങൾ ആവശ്യപ്പെടുന്നത് മരണമാണെങ്കിൽ, പാതാളം ആവശ്യപ്പെടുന്നത് ആത്മാക്കളെയാണ്. ആ "വലിയ അവസാന നാളിൽ" മരണവും പാതാളവും പിടിച്ചുവെച്ചതായ അവരുടെ ശരീരങ്ങളെയും ആത്മാക്കളെയും ഏൽപിച്ചുകൊടുക്കേണ്ടിവരും.

"സമുദ്രം തന്നിലുള്ള മരിച്ചവരെ ഏൽപിച്ചുകൊടുത്തു" എന്ന വാക്കുകൾ ഒരു കടങ്കഥ പോലെ തോന്നിയേക്കാം, കാരണം കരയിൽ മരിച്ചവരെ പോലെ, സമുദ്രത്തിൽ മരിച്ചവരും മരണത്തിലും പാതാളത്തിലുമായിരിക്കുമല്ലോ. സമുദ്രത്തിൽ വെച്ച് മരിച്ചവർക്ക് പുരാതന ആശയപ്രകാരം - ശരിയായ അടക്കം ലഭിച്ചിരുന്നില്ല - എങ്കിൽ മരണശേഷം അവർ നിലനിൽക്കുന്നു എന്നതു പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിനാൽ, 20:13 ഉറപ്പിക്കുന്നത്, എവിടെ വെച്ചു മരിച്ചാലും, എങ്ങനെ മരിച്ചാലും, മരിച്ച എല്ലാവരേയും ദൈവം ഉയർപ്പിക്കും. ആ വാക്കുകളുടെ അർത്ഥം എന്തായാലും,[21] സന്ദേശം എന്തെന്നാൽ *ആർക്കും* ന്യായവിധിയിൽനിന്നു ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല എന്നതാണ്.

സമുദ്രം, മരണം, പാതാളം എന്നിവ മരിച്ചവരെ ഏൽപിച്ചുകൊടുത്തു എന്ന ആലങ്കാരിക പ്രയോഗം അർത്ഥമാക്കുന്നത് മരിച്ചവരുടെ പുനരുത്ഥാനമാണ്. യേശു പറഞ്ഞു, "കല്ലറകളിലുള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:28, 29). പൗലൊസ് പറഞ്ഞതനുസരിച്ച്, "നീതിമാന്മാരുടെയും നീതികെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും" (പ്രവൃത്തികൾ 24:15).[22] ക്രിസ്തു മടങ്ങി വരുമ്പോൾ, "മരിച്ചവർ ഉയർത്തെഴുന്നേൽക്കുകയും," ജീവനോടെയിരിക്കുന്നവർക്ക് "രൂപാന്തരവും" സംഭവിക്കും (1 കൊരിന്ത്യർ 15:52), പിന്നെ എല്ലാവരും ന്യായവിധിയെ അഭിമുഖീകരിക്കും.

നീതിമാന്മാർ, ന്യായവിധി നാളിൽ സിംഹാസനത്തിനു മുൻപിൽ നിൽക്കുമെന്ന കാര്യം ചിലർ നിഷേധിക്കുന്നുണ്ട്; അവർ വിചാരിക്കുന്നത്, ആ വലിയ സംഭവം ദുഷ്ടന്മാർക്കുള്ളതാണ് എന്നത്രെ.[23] അവിശ്വാസികളുടെ വിധിക്കാണ് വെളിപ്പാട് 20:11-15 ഊന്നൽ നൽകുന്നതെന്ന കാര്യം ഞാൻ സമ്മതിക്കുന്നു,[24] എന്നാൽ വേദഭാഗത്തിലെ വിശദാംശങ്ങൾ[25] പറയുന്നത് ബൈബിളിലെ ന്യായവിധിനാളിൽ നീതിമാന്മാരും നീതികെട്ടവരും ന്യായാസനത്തിന് മുൻപിൽ നിൽക്കേണ്ടതാണെന്ന് തന്നെയാണ് വ്യക്തമാക്കുന്നത്.

പൗലൊസ് ക്രിസ്ത്യാനികൾക്ക് എഴുതി, "അവനവൻ ശരീരത്തിലിരിക്കുമ്പോൾ, ചെയ്തതു *നല്ലതാകിലും തീയതാകിലും,* അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം *എല്ലാ*വരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരിന്ത്യർ 5:10; എംഫസിസ് മൈൻ). റോമർ 2:6-8-ൽ നീതിയോടുകൂടിയുള്ള കർത്താവിന്റെ ന്യായവിധി "നാളിൽ" എന്തു സംഭവിക്കുമെന്ന് അവൻ ഈ വിവരണം നൽകുന്നു:

> [ദൈവം] ഓരോരുത്തന്ന് *അവന*വന്റെ പ്രവർത്തിക്ക് തക്ക പകരം ചെയ്യും; നല്ല പ്രവർത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട്, തേജസും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും, ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ, അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും (എംഫസിസ് മൈൻ [വാ. 9-10 നോക്കുക]).

ന്യായവിധി "ദൈവഗൃഹത്തിൽ *ആരംഭിക്കുന്നു*" എന്നാണ് പത്രൊസ് പറഞ്ഞിരിക്കുന്നത് (1 പത്രൊസ് 4:17; എംഫസിസ് മൈൻ). നന്മ ചെയ്തവരെയും നന്മ ചെയ്യുന്നതിൽ പരാജയപ്പെട്ടവരേയും ഒരേ സമയം ന്യായവിധി നടത്തുമെന്നാണ് മത്തായി 25-ൽ പറയുന്നത് (മത്തായി 25:31-46). മരിച്ചവരെ ന്യായംവിധിക്കുന്ന പൊതുവായ സമയത്തുതന്നെയാണ് വിശ്വസ്തർക്കുള്ള പ്രതിഫലവുമെന്നാണ് വെളിപ്പാട് പുസ്തകവും പറയുന്നത് (വെളിപ്പാട് 11:18). ഒരു ദിവസം നമ്മൾ *എല്ലാ*വരും ദൈവത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നാണ് തിരുവെഴുത്ത് പഠിപ്പിക്കുന്നത്.[26]

ഇതിനർത്ഥം ന്യായവിധിയെ കുറിച്ച് നമുക്ക് എല്ലാം അറിയാം എന്നാണോ? ഇതിനർത്ഥം ന്യായവിധിയിൽ കൃത്യമായി എന്തു നടക്കുമെന്ന് നമുക്ക് അറിയാമെന്നാണോ? ന്യായവിധിയെ സംബന്ധിച്ച എല്ലാ വിഷമപ്രശ്നങ്ങൾക്കും നമുക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയും എന്നാണോ ഇതിനർത്ഥം?[27] അല്ല, അല്ല, അല്ല. ഈ ലോകജീവിതത്തിനപ്പുറത്തെ കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ, ജനിക്കാത്ത ശിശു ഉദരത്തിൽ കിടന്ന് പുറത്തു കടന്നാൽ ജീവിതം എങ്ങനെ ആയിരിക്കുമെന്ന് ചിന്തിക്കുന്നതുപോലെ ആണ് നാം. എങ്കിലും നാം എന്ത് അറിയണമെന്ന് ദൈവം ഉദ്ദേശിക്കുന്നുവോ അത് നമുക്ക് അറിയുവാൻ കഴിയും: ഒരു ന്യായവിധി ദിവസമുണ്ട്, എല്ലാവരും അവിടെ ഉണ്ടാകും, എല്ലാവരേയും ന്യായംവിധിക്കയും ചെയ്യും!

ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട മൂന്നാമത്തെ വസ്തുത, *നിങ്ങൾ* അവിടെ ഉണ്ടാകും എന്നതാണ്.

## നിങ്ങളുടെ പ്രവർത്തികൾക്കനുസരിച്ചായിരിക്കും നിങ്ങളെ വിധിക്കുക (20:12, 13, 15)

യോഹന്നാന്റെ ദർശനത്തിൽ, അസംഖ്യം പേർ സിംഹാസനത്തിന് മുൻപിൽ നിന്നപ്പോൾ, "പുസ്തകങ്ങൾ തുറന്നു,"[28] "പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കൊത്ത വിധിയുണ്ടായി" (വാ. 12).

### ദൈവവചനം

തുറന്ന "പുസ്തകങ്ങളെ" സംബന്ധിച്ച് വേദഭാഗം വിശദീകരണം നൽകുന്നില്ല, എന്നാൽ അവയിൽ മുഖ്യമായത് ദൈവവചനം തന്നെയാണെന്ന് നമുക്ക് അറിയാം. യേശു പറഞ്ഞു, "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹന്നാൻ 12:48). മനുഷ്യരുടെ എഴുത്തുകളനുസരിച്ചല്ല നമ്മെ ന്യായം വിധിക്കുന്നത് - ബൈബിളനുസരിച്ച് മാത്രമായിരിക്കും.

### നമ്മുടെ പ്രവൃത്തികളുടെ രേഖ

തീർച്ചയായും, ചില പുസ്തകങ്ങളിൽ മനുഷ്യരുടെ ജീവിതരേഖ ഉണ്ടാകും (അവരുടെ വിചാരങ്ങൾ, അവരുടെ വാക്കുകൾ, അവരുടെ പ്രവൃത്തികൾ), "തങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചായിരിക്കും മരിച്ചവർക്കുള്ള വിധി" എന്നു രണ്ട് പ്രാവശ്യം നമ്മോട് പറഞ്ഞിരിക്കുന്നു (വാ. 12, 13).

നമ്മുടെ പ്രവർത്തികൾക്കനുസരിച്ചായിരിക്കും നമ്മെ വിധിക്കുന്നതെന്ന

ആശയത്തെ ചിലർ എതിർത്തേക്കാം, പക്ഷെ ആ തത്വമാണ് ബൈബിളിലുടനീളം പഠിപ്പിക്കുന്നത്. ജ്ഞാനിയായവൻ പറഞ്ഞു, "ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകലരഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ" (സഭാപ്രസംഗി 12:14). ന്യായവിധിനാളിൽ ദൈവം "ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം പകരം ചെയ്യും" എന്ന് പൗലൊസ് വെളിപ്പെടുത്തിയിരിക്കുന്നു (റോമർ 2:5, 6). യേശു പറഞ്ഞത്, താൻ തന്റെ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ, "ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്ക പകരം ചെയ്യും" (മത്തായി 16:27). തുയഥൈരയിലെ ക്രിസ്ത്യാനികളോട് അവൻ പറഞ്ഞു, "നിങ്ങളുടെ പ്രവൃത്തിക്ക് തക്കവണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും പകരം ചെയ്യും" (വെളിപ്പാട് 2:23).[29]

ചിലർ എതിർത്തേക്കാം, "പക്ഷെ രക്ഷിക്കപ്പെടുവാൻ മതിയായ സൽപ്രവൃത്തികൾ ചെയ്യാൻ നമുക്ക് സാധ്യമല്ലല്ലോ." അത് സത്യമാണ് (എഫെസ്യർ 2:8, 9); എന്നാൽ, റോബർട്ട് മൗൺസ് ഊന്നി പറഞ്ഞതുപോലെ, "പ്രശ്നം പ്രവർത്തികളാലുള്ള രക്ഷയല്ല, ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യന് നിരാകരിക്കുവാൻ പറ്റാത്ത പ്രവൃത്തികളാണ്."[30] നമ്മുടെ വിശ്വാസത്തെ കാണിക്കുന്നതാണ് പ്രവർത്തികൾ (യാക്കോബ് 2:18), നമ്മുടെ സ്നേഹത്തെയും പ്രകടമാക്കുന്നു (യോഹന്നാൻ 14:15; 1 യോഹന്നാൻ 5:3), കർത്താവിനോടുള്ള നമ്മുടെ പ്രതികരണം പൂർത്തിയാക്കുന്നതുമാണ് (യാക്കോബ് 2:21, 22; എഫെസ്യർ 2:10).

നാം പറയുന്നതും ചെയ്യുന്നതുമായ ഓരോന്നും "എഴുതുന്ന ദൂതന്മാർ" രെഖപ്പെടുത്തിക്കൊണ്ടിരിക്കും എന്നാണ് ചിലർ ഊഹിക്കുന്നത്. പുസ്തകങ്ങൾക്ക് കൂടുതൽ സാധ്യത, "ന്യായാധിപനായ ദൈവം സർവ്വജ്ഞാനിയാണ്, അവൻ അറിയാത്തതായോ, മറന്നതായോ ഒന്നും കാണുകയില്ല."[31]

എല്ലാവരുടേയും ജീവിതം സ്വർഗത്തിൽ "രേഖപ്പെടുയിരിക്കുന്നു" എന്ന വസ്തുത രണ്ട് കാര്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു: നാം ഓരോരുത്തരും പ്രാധാന്യമുള്ളതായിരിക്കുന്നതുപോലെ, നമ്മുടെ പ്രവർത്തികളും പ്രാധാന്യമുള്ളതാണ്. കൂടാതെ നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, നമ്മുടെ ചിന്തക്കും, വാക്കിനും, പ്രവൃത്തിക്കും നിത്യമായ അനന്തരഫലങ്ങളുണ്ടാകും (മത്തായി 12:36 നോക്കുക).

എന്റെ എല്ലാ ബലഹീനതകളും പാപങ്ങളും മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്തുന്നതുപോലെ, ഭയപ്പെടുത്തുന്നതും - ലജ്ജിപ്പിക്കുന്നതും, - തരംതാഴ്ത്തുന്നതുമായി - മറ്റെന്തുണ്ട്? അതുകൊണ്ട്, ഞാൻ പെട്ടന്ന് പറയട്ടെ, "രേഖാ പുസ്തകങ്ങളിൽ ഉള്ളത് നിർണയിക്കപ്പെട്ടിരിക്കുന്നു, ... അതിൽ ദൈവം ഓർമ്മിക്കുവാൻ ആഗ്രഹിക്കുന്നതും മറക്കുവാൻ ആഗ്രഹിക്കുന്നതും ഉൾപ്പെടുന്നു."[32] ചിലത് മറക്കുവാൻ ദൈവം പറഞ്ഞിരിക്കയാൽ, ദൈവത്തിന് (യിരെമ്യാവ് 31:34; എബ്രായർ 8:12)! പ്രത്യേകമായി, അവൻ തന്റെ പുത്രന്റെ രക്തത്താൽ കഴുകപ്പെട്ട പാപങ്ങളെ അവൻ ഓർക്കുകയില്ല (റോമർ 5:9; എഫേസ്യർ 1:7).[33]

> മാർട്ടിൻ ലൂഥർ തന്റെ സ്വപ്നങ്ങളിൽ ഒന്നിൽ പിശാച് ഒരു മുറിയുടെ ചുമരിൽ വരിവരിയായി വെച്ചിരിക്കുന്ന പുസ്തകങ്ങൾ ചൂണ്ടിക്കാട്ടി, വായിക്കുവാൻ ആവശ്യപ്പെട്ടു. പെട്ടെന്ന് അയാൾ, തന്റെ ജീവിതം എഴുതപ്പെട്ടതായ ഒരു പുസ്തകം കണ്ടു, അത് തന്റെ കൈകൊണ്ട് എഴുതിയതായിരുന്നു. സാത്താൻ ചോദിച്ചു "ഇത് സത്യമാണോ? നീ എഴുതിയ

താണോ ഇത്?" ലൂഥർ ഭയപ്പെട്ടതായും ഉച്ചരിക്കാൻ കഴിവില്ലാതെയുമായ തായി ഓർമ്മിക്കുന്നു പിശാച് ഒടുവിൽ പുസ്തകങ്ങൾ എടുത്തുകൊണ്ട് പോയി. അയാൾ പിന്നെ ഉച്ചത്തിൽ പറഞ്ഞു, "അതിലെ ഓരോ വാക്കും, സത്യമാണ്, എന്റെ കൈകൊണ്ട് എഴുതിയതാണ്, എന്നാൽ അതിന്റെ വിലങ്ങനെയെല്ലാം 'യേശുക്രിസ്തുവിന്റെ രക്തം നമ്മെ സകല പാപ ത്തിൽ നിന്നും ശുദ്ധീകരിക്കുന്നു' " എന്ന് എഴുതിയിരിക്കുന്നു.[34]

ക്രിസ്തുവിനോട് ചേരുവാനുള്ള സ്നാനം അവന്റെ രക്തത്താൽ ശുദ്ധീക രിപ്പാനല്ലാതെ മറ്റൊരു കാരണവുമില്ലെങ്കിൽ (പ്രവൃത്തികൾ 22:16), അതു മതി യാകും! തുടർച്ചയായി ദൈവ വചനത്തിന്റെ "വെളിച്ചത്തിൽ നടക്കുന്നതിന്" അവന്റെ രക്തത്താലുള്ള ശുദ്ധീകരണമല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലെങ്കിൽ (1 യോഹന്നാൻ 1:7), അത് മതിയാകും!

പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാനത്തോടടുത്ത്, സ്വീടിഷ് കെമിസ്റ്റ്, ആൽഫ്രെട്ട് നോബിൾ[35] ഒരു ദിവസം പ്രഭാതത്തിൽ എഴുന്നേറ്റ് പ്രാദേശിക വർത്തമാന പത്രത്തിൽ തന്റെ ചരമക്കുറിപ്പ് വായിക്കുവാൻ ഒരുങ്ങി: "ആൽഫ്രെട്ട് നോബേൽ,ദ ഇൻവെന്റർ ഓഫ് ഡയനമൈറ്റ് ഹൂ ടൈട് എസ്റ്റർടേ, ടിവൈസ് എ വേ ഫോർ മോർ പ്യൂപ്പിൾ കിൽട് ഇൻ എ വാർ ദാൻ എവർ ബിഫോർ, ആന്റ് ഹി ടൈട് എ വെരി റിച്ച് മേൻ."

വാസ്തവത്തിൽ, മരിച്ചത് ആൽഫ്രെഡിന്റെ മുത്ത സഹോദരൻ ആയി രുന്നു; ഒരു പത്ര റിപ്പോർട്ടർ വിവരിച്ചതാണ് മുകളിലത്തെ ഭാഗം.

പക്ഷെ ആ വിവരണം നോബിളിൽ വലിയ പ്രതിഫലനമാണ് ഉണ്ടാ ക്കിയത്. ആളുകളെ കൊല്ലുവാനുള്ള മാർഗ്ഗം കണ്ടുപിടിച്ച് ഭാഗ്യം കര സ്ഥമാക്കുന്നതിനേക്കാൾ മറ്റെന്തെങ്കിലും ചെയ്ത് പ്രസിദ്ധനാകുവാനാണ് അയാൾ ആഗ്രഹിച്ചത്. അങ്ങനെ അയാൾ നോബൽ പ്രൈസിനു തുട ക്കമിട്ടു, ശാസ്ത്രകാരന്മാർക്കും സമാധാനത്തിനുള്ള എഴുത്തുകാർക്കും ആയിട്ടാണ് തുടങ്ങിവെച്ചത്.

നോബിൾ പറഞ്ഞു, "തന്റെ ഭാഗം മധ്യ നിരയിൽ നിന്ന് മാറ്റി പുതിയത് എഴുതുവാൻ എല്ലാവർക്കും അവസരമുണ്ട്."[36]

നിങ്ങൾക്ക് ഇപ്പോൾ ധാരാളം അവസരങ്ങൾ ഉണ്ട് അത് അവസാനിക്കു മെങ്കിലും ജീവിതത്തെ നോക്കുക. നിങ്ങൾ ഇപ്പോൾ മരിച്ചാൽ ന്യായവിധി നാളിൽ പരസ്യമാകുവാൻ ഇരിക്കുന്നത് എന്തെന്ന് ഊഹിക്കുക. നിങ്ങൾ കാണുന്നത് നിങ്ങൾക്ക് ഇഷ്ടമല്ലെങ്കിൽ, നിങ്ങളുടെ ജീവിത രേഖ "പുതു ക്കി എഴുതുക" - അത് കരുണയും സ്നേഹവും നിറഞ്ഞ കർത്താവിങ്കലേക്ക് വരുന്നതായിരിക്കണം!

ആ ദിവസം, ധാരാളം പേർ തങ്ങളുടെ അതുവരെയുള്ള നിക്ഷേപങ്ങ ളെല്ലാം ഒരു ചെറിയ മാറ്റത്തിനായി വിട്ടുകളയും - എന്നാൽ പിന്നീട് അതിന് സാദ്ധ്യമല്ല. ഇന്ന് നിങ്ങൾക്ക് യേശുക്രിസ്തുവിൽ ആശ്രയിപ്പാ നും അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുവാനും, അങ്ങനെ മാറുവാനും കഴിയും, രേഖയുടെ ഒരു ചെറിയ ഭാഗം മാത്രമല്ല, മുഴുവനും - യേശു ക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കാം![37]

**ജീവപുസ്തകം**

അവസാനത്തെ ഒരു പുസ്തകം തുറന്നു: "ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു" (വാ. 12).[38] ജീവന്റെ പുസ്തകത്തെക്കുറിച്ച് വെളിപ്പാടിൽ ഉടനീളം പറയുന്നുണ്ട് (3:5; 13:8; 17:8; 21:27[39]); അത് ദൈവത്തിന്റെ വിശ്വസ്തരുടെ രേഖയാണ്.[40] "പുരാതന ലോകത്തെ ഭരണാധികാരികൾ അവരുടെ രാജ്യത്തിലെ പൗരന്മാരുടെ രേഖകൾ സൂക്ഷിക്കുമായിരുന്നു; ഒരു മനുഷ്യൻ മരിക്കുമ്പോൾ മാത്രമാണ് അല്ലെങ്കിൽ പൗരൻ എന്നുള്ള അവകാശം നഷ്ടമാകുമ്പോഴാണ് അവന്റെ പേര് നീക്കം ചെയ്തിരുന്നത്. ദൈവത്തിനുള്ളവരുടെ രജിസ്റ്റർ പുസ്തകമാണ് ജീവ പുസ്തകം."[41] മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ പുസ്തകത്തിൽ പേരുള്ളവർ യേശുവിന്റെ രക്തത്താൽ പാപങ്ങൾ മോചിക്കപ്പെട്ടവരാണ്.

ഞാൻ ന്യായവിധിയെക്കുറിച്ചു പ്രസംഗിക്കുമ്പോൾ ദൈവ വചനത്തെ ചിലപ്പോൾ ആളുകളുടെ ജീവിത രേഖയുമായി താരതമ്യം ചെയ്യുകയും പിന്നെ അന്തിമാധികാരമായി ജീവ പുസ്തകം പരിശോധിക്കുകയും ചെയ്യും. എങ്ങനെയായാലും, വാക്യം 15 പറയുന്നു "ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും." കൃത്യമായി എന്ത് സംഭവിക്കും എന്ന് നമുക്കറിവില്ല എന്ന് വീണ്ടും പറയട്ടെ - എന്നാൽ ദൈവം പറയുവാൻ ആഗ്രഹിക്കുന്നത് നമുക്കറിയാം. നാം ദൈവ മുമ്പാകെ നിൽക്കുമ്പോൾ, പുസ്തകങ്ങൾ തുറക്കുകയും നാം ഈ ജീവിതത്തിൽ ചെയ്തിട്ടുള്ളത് ആ പുസ്തകത്തിലെ രേഖ അനുസരിച്ച് ന്യയംവിധിക്കപ്പെടുകയും ചെയ്യും.

ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട നാലാമത്തെ വസ്തുത നിങ്ങൾ ചെയ്ത പ്രവർത്തികളനുസരിച്ചായിരിക്കും നിങ്ങളെ ന്യായംവിധിക്കുന്നത് എന്നതാണ്.

## നിങ്ങളെ ഒന്നുകിൽ സ്വർഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക് അയക്കും (20:14, 15)

നീതിമാന്മാരുടേയും നീതികെട്ടവരുടേയും നിത്യമായ അന്തിമ സ്ഥാനത്തെ കുറിച്ചാണ് മത്തായി 25 ലെ ന്യായവിധി രംഗം പറയുന്നത്:

> പിന്നെ രാജാവ് തന്റെ വലത്തുള്ളവരോട്, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" ... പിന്നെ അവൻ ഇടത്തുള്ളവരോട്, "ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ: ..." ... ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും (മത്തായി 25:34-46).

വെളിപ്പാട് 20:11-15-ൽ, എങ്ങനെയായാലും, ഊന്നൽ നൽകിയിരിക്കുന്നത്, ദൈവത്തെയും അവന്റെ സ്നേഹത്തെയും തള്ളിക്കളഞ്ഞവരിലാണ്. നാം അദ്ധ്യായങ്ങൾ 21 ലേക്കും 22 ലേക്കും കടന്ന് നീതിമാന്മാരുടെ അന്തിമസ്ഥാനം വായിക്കുന്നതിന് മുൻപ്, സാത്താനെ പിൻപറ്റിയവർക്കു എന്തു സംഭവിക്കുമെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു.

## മരണത്തെയും പാതാളത്തെയും നീക്കം ചെയ്യൽ

നമ്മുടെ വേദഭാഗത്തിന്റെ അവസാനഭാഗം ഇങ്ങനെ തുടങ്ങുന്നു, "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിക്കളഞ്ഞു" (വാ. 14). മരണത്തെയും പാതാളത്തെയും വെളിപ്പാടിൽ ചിത്രീകരിച്ചിരിക്കുന്നത് എല്ലാ മനുഷ്യരേയും വിഴുങ്ങുവാൻ "അത്യാർത്തിയും മതിവരാത്തതുമായ രണ്ട്" വിചിത്ര ജന്തുക്കളായിട്ടാണ്.[42] നമ്മുടെ വേദഭാഗത്തിലെ വാക്യം 13-ൽ, അവരുടെ ഇരകളെ ഛർദ്ദിക്കുവാൻ അവർ നിർബ്ബന്ധിതരായി. ഒരിക്കൽ അവരുടെ ലക്ഷ്യം അവസാനിച്ചാൽ, അവരെ തന്നെ നീക്കം ചെയ്യും. പൗലൊസ് പറഞ്ഞു, "നീങ്ങി പോകേണ്ട അവസാനത്തെ ശത്രുവാണ് മരണം" (1 കൊരിന്ത്യർ 15:26).

മരണത്തെയും പാതാളത്തെയും "തീപ്പൊയ്കയിലേക്ക് " തള്ളിക്കളയും. പിന്നെ ആ അന്തിമസ്ഥാനത്തെ കുറിച്ച് വേദഭാഗം ഈ കുറിപ്പ് നൽകുന്നു: "ഇതു രണ്ടാമത്തെ മരണം" (വാ. 14).[43] ബൈബിളിൽ, "മരണം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് വേർപാട് എന്ന അർത്ഥത്തിലാണ്. ശരീരവും ആത്മാവും തമ്മിൽ വേർപിരിയുമ്പോൾ, മരണം സംഭവിക്കുന്നു (യാക്കോബ് 2:26), നമ്മുടെ പാപം ദൈവത്തേയും നമ്മേയും തമ്മിൽ വേർപെടുത്തുമ്പോൾ, ആത്മിയ മരണം സംഭവിക്കുന്നു (എഫെസ്യർ 2:1, 1 തിമൊഥെയൊസ് 5:6; യെശയ്യാവ് 59:1, 2), "രണ്ടാം മരണം" ദൈവത്തിൽനിന്നുള്ള നിത്യമായ വേർപാടാണ് (2 തെസലൊനിക്യർ 1:8, 9; മത്തായി 7:23; 25:12)!

## ഒരുങ്ങാത്തവർക്കുള്ള അന്തിമസ്ഥാനം

"രണ്ടാം മരണം" "തീപ്പൊയ്കയിലായിരിക്കും" (വാ. 14) അടുത്ത അദ്ധ്യായത്തിൽ നാം വായിക്കുന്നു, "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്ക്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ" (21:8). സാത്താന്റെ കൂട്ടാളികളെ തീപ്പൊയ്കയിലേക്ക് തള്ളിയിടും (19:20). സാത്താനെയും അവിടെ തള്ളിക്കളയും (20:10); ഇപ്പോൾ, തങ്ങളുടെ ജീവിതം നയിക്കുവാൻ പിശാചിനേയും അവന്റെ ദൂതന്മാരെയും അനുവദിച്ചവരേയും അതിലേക്ക് തള്ളിയിടും.

യേശു ആ ഭയങ്കരസ്ഥാനത്തെ "തീച്ചൂള" എന്നാണ് വിശേഷിപ്പിച്ചത് (മത്തായി 13:42). മറ്റൊരുഭാഗത്ത് അവൻ അതിനെ "പുറത്തുള്ള ഇരുട്ട്" എന്നാണ് പറഞ്ഞത് (മത്തായി 22:13). ഒരു നിയമം എന്ന നിലയിൽ തീ ഇരുട്ടിനേക്കാൾ പ്രകാശമാണ് പുറപ്പെടുവിക്കുന്നത് എന്നതിനാൽ, വിവരിക്കുവാനസാധ്യമായതിനെ ആലങ്കാരികമായി വിവരിക്കുകയാണ് ക്രിസ്തു. അത് നരകത്തിന്റെ ഭീകരത കുറക്കുകയല്ല, പിന്നെയോ വർദ്ധിപ്പിക്കുകയാണ്. രാത്രിയിലെ ഭീകരതയെ കുറിച്ച് ചിന്തിക്കുക. തീ കത്തുന്നതിലുള്ള വേദന ഓർക്കുക. അതിന്റെ എത്രയോ മടങ്ങ് തീവ്രതയാണ് നരകത്തിൽ നിത്യമായും അനുഭവപ്പെടുക.

അനേകം പേർ സ്വർഗത്തിൽ വിശ്വസിക്കുന്നുണ്ട്, പക്ഷെ നരകത്തിൽ വിശ്വസിക്കുന്നില്ല. ഒന്നിനെ വെളിപ്പെടുത്തിയിരിക്കുന്ന അതേ പുസ്തകം തന്നെയാണ് മറ്റേതും വെളിപ്പെടുത്തിയിരിക്കുന്നത്. നരകത്തെ കുറിച്ച് ബൈബിൾ പറയുന്നത് നിങ്ങൾക്ക് വിശ്വസിപ്പാൻ കഴിയുന്നില്ലെങ്കിൽ സ്വർഗത്തെ കുറിച്ച് ബൈബിൾ പറയുന്നതും വിശ്വസിക്കുവാൻ സാധ്യമല്ല. മനുഷ്യർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, "ഗന്ധകം കത്തുന്ന തീപ്പൊയ്കയുണ്ട്."

ഹൃദയഭേദകമായ ഒരു പ്രസ്താവനയോടെയാണ് നമ്മുടെ വേദഭാഗം അവസാനിപ്പിക്കുന്നത്. എന്റെ ആത്മാവിന് ഭാരം അനുഭവപ്പെടാതെ അത് വായിക്കുവാൻ എനിക്ക് കഴിയുകയില്ല. "ജീവപുസ്തകത്തിൽ പേരെഴുതി കാണാത്തവരെ ഏവരേയും തീപ്പൊയ്കയിൽ തള്ളിയിടും" (വാ. 15). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ന്യായവിധി രംഗം" എന്ന ചിത്രീകരണം നോക്കുക.)

ആരും നശിച്ചുപോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല (2 പത്രൊസ് 3:9). ആളുകൾ നരകത്തിൽ പോകാതിരിപ്പാൻ അവന്റെ ഭാഗത്ത് നിന്ന് ചെയ്യാവുന്നതെല്ലാം ചെയ്തു. ബർട്ടൻ കോഫ്മാൻ എഴുതി, "നിത്യനാശം എന്ന ശിക്ഷാവിധി ആർക്കും ലഭിക്കാതിരിക്കേണ്ടതിന് ക്രൂശിൽ കിടന്ന് തന്റെ കൈകൾ വിശാലമായി വിരിച്ചിരുന്നു; എന്നാൽ ആളുകൾ അത് സ്വീകരിക്കുവാൻ മടിച്ചതുകൊണ്ട്, അവരുടെ പരാജയത്തിന്റെ അനന്തരഫലത്തിൽനിന്നോ അന്ത്യനാശത്തിന്റെ ഉത്തരവാദത്തിൽനിന്നോ ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല."[44]

ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചാമത്തെ വസ്തുത, അത് കഴിഞ്ഞ ശേഷം ഒന്നുകിൽ നിങ്ങളെ സ്വർഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക് അയക്കും എന്നതാണ്.

## ഉപസംഹാരം

ഗ്ലെൻ പെയ്സിന്റെ പ്രസംഗങ്ങളിൽ ഒന്ന് അവസാനിപ്പിച്ചപ്പോൾ, സദസിൽനിന്ന് പ്രതികരിച്ചുകൊണ്ട് താൻ കർത്താവിങ്കലേക്ക് മടങ്ങി വരുവാൻ ആഗ്രഹിക്കുന്നതായി ഒരാൾ പറഞ്ഞു. ഭയപ്പെടുത്തുന്ന ഒരു സ്വപ്നം താൻ കണ്ടതായും അയാൾ പെയ്സിനോട് പറഞ്ഞു: അത് ന്യായവിധി ദിവസമായിരുന്നു. കർത്താവ് ജീവപുസ്തകം തുറന്നു വായിക്കുകയായിരുന്നു. ദൈവം ഒന്നാമത്തെ ആളോടും പിന്നെ രണ്ടാമത്തെ ആളോടും പറഞ്ഞു, "നന്ന്, നന്നായി ചെയ്തു!" ആ മനുഷ്യന്റെ പേർ ഉണ്ടാകേണ്ട സ്ഥാനത്ത് കർത്താവ് എത്തിയപ്പോൾ അയാളുടെ പേർ അവിടെയില്ലായിരുന്നു. അയാൾ സിംഹാസനത്തിന്റേ പുറകിൽ ചെന്ന് യേശുവിന്റെ കയ്യിലിരുന്ന പുസ്തകത്തിൽ നോക്കി. അവന്റെ പേർ വെട്ടിക്കളഞ്ഞിരിക്കുന്ന ഭയാനകമായ കാഴ്ച്ചയാണ് അയാൾ കണ്ടത്! ആ മനുഷ്യൻ ഉപദേഷ്ടാവിനോട് ഏറ്റു പറഞ്ഞു, "ഒരു ക്രിസ്ത്യാനിയായി എന്തു ചെയ്യണമെന്ന് എനിക്ക് അറിയാമായിരുന്നിട്ടും ഞാൻ ചെയ്തില്ല. എന്നാൽ എനിക്ക് തിരിച്ചു വരണം. എന്റെ പേർ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ വീണ്ടും കാണണം."[45]

വെളിപ്പാട് 20 ലെ ചില വശങ്ങൾ മനസിലാക്കുവാൻ വിഷമമാണ്, എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതു മനസിലാക്കുവാൻ വിഷമമില്ല. ജേ ലോക്ഹാർട്ട് ഈ ഉത്തമമായ ഉപദേശം നൽകിയിരിക്കുന്നു: "സങ്കൽപത്തിന്റെ ആവേശത്തിൽ പെട്ടുഴലുന്നതിനേക്കാൾ നമുക്ക് നമ്മുടെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെടുവാൻ ശ്രമിക്കാം!"[46]

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ നിങ്ങളുടെ പേരുണ്ടോ? മാനസാന്തരത്താലും സ്നാനത്താലും ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം നിങ്ങൾ പ്രകടമാക്കിയിട്ടുണ്ടോ (പ്രവൃത്തികൾ 2:37, 38; ഗലാത്യർ 3:26, 27)? നിങ്ങൾ കർത്താവിനോട് വിശ്വസ്തത പുലർത്തിയാണോ ജീവിക്കുന്നത് (വെളിപ്പാട് 2:10; 3:5)? നിങ്ങളുടെ പേർ ഇതുവരെയും ജീവപുസ്തകത്തിൽ എഴുതപ്പെട്ടി

ട്ടില്ലെങ്കിൽ, അഥവാ എഴുതപ്പെട്ടിട്ട്, മായ്ച്ചുകളഞ്ഞുവെങ്കിൽ, ഇനി താമസിപ്പിക്കരുത്; മടിക്കരുത്. ഇന്നു തന്നെ അതിന് ആവശ്യമായതു ചെയ്യുക!

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ വേദഭാഗത്തെ കുറിച്ച്, ഡബ്ലിയു. ബി. വെസ്റ്റ് ജൂനിയർ. ഉപയോഗിച്ച തലവാചകം "ലോകത്തിന്റെ അന്ത്യനാൾ" എന്നാണ്. ഈ പാഠത്തിന് "അന്ത്യനാൾ" എന്ന് പേരിട്ട് യോഹന്നാൻ 6:39, 40, 44, 54 എന്നീ വാക്യങ്ങൾ ഉപയോഗിക്കാം. "ഇതിനുശേഷം ന്യായവിധിയാണ് വരുന്നത്" എന്നതാണ് മറ്റൊരു നല്ല തലവാചകം (എബ്രായർ 9:27). മറ്റു സാധ്യതയുള്ള തലവാചകങ്ങളാണ്, "ന്യായവിധി," "അവസാന തിരശീല," "മരണത്തിന്റെ മരണം."

വർഷങ്ങൾക്ക് മുൻപ്, ഞാൻ മൂന്നു പുസ്തകങ്ങളുണ്ടാക്കി (ഇളക്കി എടുക്കാവുന്ന പേജുകളുള്ള കറുത്ത പുസ്തകം) അത് മൂന്നും ന്യായവിധി നാളിൽ തുറക്കുന്ന മൂന്നു പുസ്തകങ്ങളെ പ്രതിനിധീകരിക്കുന്നതായിരുന്നു. പുസ്തകങ്ങളുടെ പേർ, "ദൈവ വചനം," "പ്രവർത്തികളുടെ പുസ്തകം," "ജീവപുസ്തകം." പുസ്തകങ്ങളുടെ അകത്തെ പേജുകളിൽ ഞാൻ പറയുവാൻ ആഗ്രഹിച്ച പോയിന്റുകൾ എഴുതിയിരിക്കും. പുസ്തകങ്ങൾ പ്രസംഗപീഠത്തിൽ പ്രദർശിപ്പിച്ചിരിക്കും. ആ പ്രസംഗത്തിലെ ചില വസ്തുതകൾ പിന്നീട് "പുസ്തകങ്ങൾ തുറന്നപ്പോൾ" എന്ന പ്രസ്താവ്യ പ്രസംഗത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

---

കുറിപ്പുകൾ

[1]ഈ കഥ എടുത്തത്, വാൾട്ടർ ബി. നൈറ്റ്, *നൈറ്റ്സ് മാസ്റ്റർ ബുക്ക് ഓഫ് 4000 ഇല്ലസ്ട്രേഷൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1956), 351. [2]ക്വോട്ടഡ് ഇൻ ക്ലാരെൻസ് ഈ. മക്കാർട്ട്നി, *മക്കാർട്ട്നീസ് ഇല്ലസ്ട്രേഷൻസ്* (നാഷ്വില്ലേ: അബിങ്ടൺ പ്രസ്, 1946), 198–99. [3]ജി. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 259. [4]ടി. എഫ്. ഗ്ലാസൻ, *ദ റെവലേഷൻ ഓഫ് ജോൺ,* ദ കെയിംബ്രിഡ്ജ് ബൈബിൾ കമെന്ററി ഓൺ ദ ന്യൂ ഇംഗ്ലീഷ് ബൈബിൾ സീരീസ് (കെയിംബ്രിഡ്ജ്, ഇംഗ്ലണ്ട്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1965), 113 എൻ. [5]വെളിപ്പാട് 20:11–15 വിവരിക്കുന്നത് താൽക്കാലികവിധിയാണെന്ന് പറയുന്നവർ അവസാനം ഒരു അന്ത്യവിധിയുണ്ടാകുമെന്ന് പറയുന്നേട*ത്തോളം* എനിക്ക് അവരുമായി വലിയ പ്രശ്നമില്ല. വെളിപ്പാട് 20:11–15-ൽ പറയുന്നത് ആ അന്തിമ വിധിയുടെ നിഴലായിട്ടാണ് അവർ കരുതുന്നത്. [6]റബൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാന്റിങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ: 20 ത് സെഞ്ചുറി ക്രിസ്റ്റ്യൻ ഫൗണ്ടേഷൻ, 1983), 111. [7]ഡബ്ലിയു. ബി. വെസ്റ്റ്. ജൂനിയർ., *റെവലേഷൻ ത്രു ഫസ്റ്റ്-സെഞ്ചുറി ഗ്ലാസസ്,* എഡി. ബോബ് പ്രിച്ചാർഡ് (നാഷിലേ: ഗോസ്പൽ അഡ്വോക്കേറ്റ് കമ്പനി., 1997), 145. [8]പല ഡിസ്പൻസേഷണലിസ്റ്റ്കളും പഠിപ്പിക്കുന്നത് നാലോ അതിൽ കൂടുതലോ ന്യായവിധികൾ ഉണ്ട് എന്നാണ്. ഒന്നിലധികം ന്യായവിധികൾ ഉണ്ടെന്ന് "തെളിയിക്കുവാൻ" ഉപയോഗിക്കുന്ന വേദഭാഗങ്ങളെക്കുറിച്ചുള്ള ചർച്ചക്ക് നോക്കുക, ഫ്രാങ്ക് പാക്ക് *റെവലേഷൻ,* പാർട്ട് 2, ദ ലിവിങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ.

വി. സ്വീറ്റ് കമ്പനി. 1965 ), 56–57. (ഒന്നിലധികം ഉയർത്തെഴുന്നേൽപിനെക്കുറിച്ചുള്ള ചർച്ചക്ക്, ഈ പുസ്തകത്തിൽ മുമ്പ് വന്ന "ക്രിസ്തുവിനോട് കൂടെ വാഴൽ" എന്ന പാഠം നോക്കുക.) [9]എഡ്വെഡ് എ. മെക്ക്ഡവൽ, *ദ മീനിങ് അന്റ് ദ മെസ്സേജ് ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലെ: ബ്രോഡ്മാൻ പ്രസ് 1951), 201. [10]ഈ വാചകം എടുത്തിരിക്കുന്നത്, റ്റൊമി സൗത്ത്, "ദ ഗ്രെയിറ്റ് വൈറ്റ് ത്രോൺ" *ട്രൂത്ത് ഫോർ ടുഡേ* (ജാനുവരി 1989), 20.

[11]നോക്കുക, മത്തായി 19:28; ലൂക്കൊസ് 1:32; പ്രവൃത്തികൾ 2:30; എബ്രായർ 1:8; 12:2; വെളിപ്പാട് 3:21; 12:5. [12]കൂടാതെ മത്തായി 25:31; യോഹന്നാൻ 5:22, 23; 2 തിമൊഥെയൊസ് 4:1; വെളിപ്പാട് 19:11; നോക്കുക. വെളിപ്പാട് 2:7, 10 പറയുന്നത് *യേശു* ജീവ കിരീടം നൽകുകയും ജീവ വൃക്ഷത്തിന്റെ ഫലം തിന്നുവാൻ അവകാശം നൽകുമെന്നുമാണ്. യേശു ന്യാാധിപനാണ് എന്നുള്ളതിന്റെ പ്രാഥമികമായ തടസ്സമാണ്, വളിപ്പാടിലെ ഈ പോയിന്റ്, *ദൈവം* സിംഹാസനത്തിൽ ഇരിക്കുന്നു എന്നുള്ളതിനാണ് ഊന്നൽ. ന്യായാസനത്തിൽ പിതാവായിരുന്നാലും പുത്രനായിരുന്നാലും അതു വലിയ പ്രാധാന്യമുള്ള കാര്യമല്ല; കാരണം ഒരാൾ ചെയ്യുന്നത് തന്നെയാണ്, മറ്റെയാൾ ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത്. രണ്ടുപേരും ഒന്നാണ് (യോഹന്നാൻ 10:30; 14:10). ഇതിനർത്ഥം അവർ ഏകവ്യക്തിയാണെന്നല്ല മറിച്ച് പിതാവും പുത്രനും "ദൈവീകത്വത്തിലും ഉദ്ദേശത്തിലും, പ്രവൃത്തിയിലും ഒന്നാണ്" (ഹോമർ ഹെയിലി, *റെവലേഷൻ: ആന്റ് ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി* [ഗ്രാന്റ് റാപ്പിഡ്സ് : ബേക്കർ ബുക്ക് ഹൗസ്, 1979], 400). [13]ഷെല്ലി, 112. [14]നോക്കുക സങ്കീർത്തനങ്ങൾ 102:25, 26; യെശയ്യാവ് 40:8; 51:6; എബ്രായർ 1:10, 11; 12:27. [15]ബ്രൂസ് എം. മെറ്റ്സ്ജെർ, *ബ്രേക്കിങ് ദ കോഡ്: അണ്ടർസ്റ്റാന്റിങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ: അബിങ്ടൺ പ്രസ്സ്, 1993), 95. [16]കോട്ടട് ഇൻ ക്രീഗ് ബ്രയൺ ലാർസൺ, എഡി., *കണ്ടെമ്പററി ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചേഴ്സ്, റ്റീച്ചേഴ്സ് ആന്റ് റൈറ്റേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1996), 123. [17]മെറ്റ്സ്ജർ, 95. [18]കെജെവിയിൽ "നരകം" എന്നാണ് എന്നാൽ ഗ്രീക്ക് പുസ്തകത്തിൽ ലിബിമാറ്റി "പാതാളം" എന്നാണ്. "പാതാളം" അക്ഷരീകമായ അർത്ഥം അദൃ-ശ്യമായ എന്നാണ് അത് സൂചിപ്പിക്കുന്നത് മരിച്ച് ശരീരം വിട്ടവരുടെ "അദൃശ്യലോകം ആണ്." യേശു മരിച്ച ശേഷം തന്റെ ആത്മാവ് പാതാളത്തിലേക്കാണ് പോയത് (പ്രവൃത്തികൾ 2:31). പാതാള ലോകത്തെ മനസിലാക്കുവാനുള്ള വാക്യമാണ് ലൂക്കൊസ് 16:19–31. കെജെവിയിൽ പാതാളം, എന്നതിനു പകരം വെളിപ്പാട് 1:18 ലും (6:8; 20:13, 14 ലും) "നരകം" എന്നാണ്, അത് തെറ്റിധരിപ്പിക്കുന്നതാണ്, കാരണം കെജെവിയിൽ ഗെഹെന്ന (ദുഷ്ടന്മാരുടെ നിത്യമായ വാസസ്ഥലം.). "നരകം" എന്നാണ് ഉള്ളത്. പാതാളം ദുഷ്ടന്മാരുടെ നിത്യ വാസസ്ഥലമല്ല. [19]ലിയോൺ മോറിസ്, *റെവലേഷൻ,* റവ. എഡി., ദ റ്റിൻടയിൽ ന്യൂടെസ്റ്റമെന്റ് കമന്റ്റീസ്. (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്. ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 235. [20]*വെളിപ്പാട് 2* എന്ന പുസ്തകത്തിലെ "ഇടിമുഴക്കങ്ങൾ" "അതിശയിക്കാനല്ല!" എന്നീ പാഠങ്ങൾ നോക്കുക.

[21]"സമുദ്രത്തിന്റെ അത്യഗാധത്തിൽ" ചെന്നാൽ പോലും, ദൈവത്തിൽ നിന്ന് ഒരാൾക്ക് മറഞ്ഞിരിപ്പാൻ സാദ്ധ്യമല്ല എന്നതിന് ചിലർ വാക്യം 13 എടുക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന്. മറഞ്ഞിരിപ്പാൻ ഒരു പാപിക്കും സാദ്ധ്യമല്ല. [22]പുതിയ നിയമത്തിൽ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചുള്ള ഭാഗങ്ങൾ മിക്കവയും നീതിമാന്മാർക്കുള്ളതായാണ് പറഞ്ഞിരിക്കുന്നത്. എങ്ങനെയായാലും ഉയർത്തെഴുന്നേൽപ്പിനു ശേഷം തേജസും മാനവും ലഭിക്കുന്നതു ആവേശകരം തന്നെയാണ്. എങ്കിലും പല വേദഭാഗങ്ങളും (ഉദാഹരണത്തിന് ഇവിടെ ഉദ്ധരിച്ചവ) പ

റയുന്നത് ഉയർത്തെഴന്നേൽപ്പ് പൊതുവിൽ എല്ലാവർക്കും ഉള്ളത് എന്നാണ് - നീതിമാന്മാർക്കും നീതികെട്ടവർക്കും. [23]നീതിമാന്മാർ മരിക്കുമ്പോൾ നേരിട്ട് സ്വർഗ്ഗത്തിലേക്ക് പോകും എന്നാണ് ഇവർ പറയുന്നത്. ക്രിസ്ത്യാനി മരിച്ചശേഷം "കർത്താവിനോടുകൂടെ ആയിരിക്കും" എന്ന ചില വേദഭാഗങ്ങൾ പഠിപ്പിക്കുന്നുണ്ട് (2 കൊരിന്ത്യർ 5:8; ഫിലിപ്പിയർ 1:23); എങ്ങനെയായാലും ആ വേദഭാഗങ്ങളുടെ ഉദ്ദേശം. മരണശേഷമുള്ള ഇടവേള തീർപ്പാക്കുകയല്ല, പിന്നെയോ വിശ്വസ്തർക്ക് മരണം ഒരു വിജയമാണെന്ന് ഉറപ്പുവരുത്തുകയാണ്. ന്യായവിധിനാളിൽ നീതിമാന്മാർ സന്നിഹിതരായിരിക്കയില്ല എന്ന് പറയുന്നവർ, വിശ്വാസികൾ "ന്യായവിധിയിൽ വരികയില്ലഎന്നും പറയുന്നു" (യോഹന്നാൻ 5:24); എന്നാൽ ആ വേദഭാഗങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ന്യായവിധി നാളിനെക്കുറിച്ചല്ല. "ന്യായവിധി " ഓർപ്പിക്കുന്നതിനാണ്. പാതാള ലോകം ഉയിർത്തെഴുന്നേൽപ്പ്, ന്യായവിധി എന്നിവ പറയുമ്പോൾ മരിച്ച *എല്ലാ*വരും ന്യായവിധിക്കായി കാത്തിരിക്കുന്നു. ഉദാഹരണത്തിന് "കർത്താവിനോട് കൂടെ ഭവനത്തിൽ" എന്ന പ്രസ്താവന സൂചിപ്പിക്കുന്നത്. എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:8, 10). നേരേ മറിച്ച്, നീതിമാന്മാർ *സന്തോഷത്തോടെ* ന്യായവിധിക്കായ് കാത്തിരിക്കും എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. (കാരണം അവർ യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടു എന്ന് അറിയുന്നവരാണ്), എന്നാൽ നീതികെട്ടവർ നിരാശയിലും *അസന്തോഷത്തിലും* ആയിരിക്കും (ലൂക്കൊസ് 16:19-31). [24]മുമ്പ് പറഞ്ഞതുപോലെ, വെളിപ്പാട് 20:11-15 സാത്താനെയും രണ്ട് മൃഗങ്ങളേയും അനുഗമിച്ചവരുടെ നിത്യമായ അന്തിമസ്ഥാനം വ്യക്തമാക്കുന്നു. (വിശ്വാസികളുടെ അന്തിമ സ്ഥാനത്തെ അദ്ധ്യായങ്ങൾ 21 ലും 22 ലും വ്യക്തമാക്കിയിരിക്കുന്നു.) [25]ഉദാഹരണത്തിന് ചെറിയവരും വലിയവരും സിംഹാസനത്തിനു മുമ്പിൽ നിൽക്കും; എല്ലാവരും മരണവും, പാതാളവും സമുദ്രവും കർത്താവിനു മുമ്പിൽ നിൽക്കും. [26]വിശ്വസ്തരായവരെ സംബന്ധിച്ച് ന്യായവിധി നാളിലെ ഉപദേശം, നീതിമാന്മാർക്ക് പ്രതിഫലം കൊടുക്കയാണെന്ന് തോന്നും. നിരപരാധികളായിരുന്നവരെ അന്യായമായി, കുറ്റം ആരോപിച്ചതായി എനിക്കറിയാം, അവർ തങ്ങളുടെ നിരപരാധിത്തം "കോടതിയിൽ ഒരുനാൾ" തെളിയിക്കുവാൻ *ആഗ്രഹിച്ചു.* [27]ഒരു വിഷമമുള്ള ചോദ്യം "ഒരാൾക്ക് മരണശേഷം തന്റെ അവസ്ഥയും അന്തിമ സ്ഥാനവും അറിയാമെങ്കിൽ പിന്നെന്തിനാണ് ന്യായവിധി?" (ലൂക്കൊസ് 16:19-31 നോക്കുക.) ന്യായവിധിയെക്കുറിച്ചുള്ള ഒരു ലഘു ലേഖനത്തിൽ, ഞാൻ അതിനുള്ള ഉത്തരം നൽകി; "നിരപരാധി ആണെന്നോ കുറ്റക്കാരനാണെന്നോ നിർണയിക്കുന്നതിനേക്കാൾ പ്രാധാന്യം നീതി കാണിക്കുന്നതിനും ശിക്ഷ നടപ്പാക്കുന്നതിനുമുണ്ട്" ("പുസ്തകങ്ങൾ തുറന്നപ്പോൾ" [പ്രസാദേനർ, ടെക്സ്.: ഹോൺ പബ്ലിഷിങ് കമ്പനി., എൻ, ഡി.], 9). "ആ സന്ദർഭം പ്രാഥമികമായി നീതിമാന്മാർക്കുള്ള പ്രതിഫലം നൽകലും ദുഷ്ടന്മാർക്കുള്ള ശിക്ഷ നൽകലുമാണ്" (399). [28]ദാനിയേൽ 7:10 നോക്കുക. അവിടെ പുസ്തകങ്ങളിൽ മൃഗത്തിന്റെ നാശകരമായ വിവരമുണ്ട്. [29]യിരെമ്യാവ് 17:10; മത്തായി 25:34-36; 2 കൊരിന്ത്യർ 5:10; 11:15; 2 തിമൊഥെയോസ് 4:14 നോക്കുക. [30]റോബർട്ട്സ് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യൂ ഇന്റർനാഷണൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റ്മെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മേൺസ് പബ്ലിഷിങ് കമ്പനി., 1977), 366.

[31]ആൽബർട്ടസ് പിയറ്റേഴ്സ്, *സ്റ്റഡീസ് ഇൻ ദ റെവലേഷൻ ഓഫ് സെന്റ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1954), 313. [32]കെയിഡ്, 259. [33]"ഓർമിക്കുക" എന്നത് ഉപയോഗിച്ചിരിക്കുന്നത്. സൗകര്യാർത്ഥത്തിലാണ്. ദൈവം നമ്മുടെ പാപങ്ങളെ "ഓർക്കുകയില്ല" എന്നു പറഞ്ഞാൽ

അത് വീണ്ടും കൊണ്ടുവരികയില്ല എന്നർത്ഥം; ദൈവം ഒരിക്കൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ചാൽ, അത് വീണ്ടും കൊണ്ടുവരികയില്ല. [34]ഹാരോൾഡ് ഹാസ് എ ലിപ്പ്, *ദ ലോഡ് ബിഗിൻസ്: എ സർവെയർ ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (അബിലീൻ, ടെക്സ്.: ഹെറാൾഡ് ഓഫ് ട്രൂത്ത്, എൻ. ഡി), 22. [35]ആ പേർ "നോ-ബെൽ" എന്നാണ് ഉച്ചരിക്കുന്നത്. [36]ക്രീഗ് ബ്രെയൺ ലാഴ്സൺ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചിങ് ആന്റ് ടീച്ചിംഗ്. ഫ്രം* ലീഡർഷിപ്പ് ജേണൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1993), 123. [37]റോപ്പർ, 15. [38]ഈ പ്രസ്താവന ദാനിയേൽ 12:1 മായി താരതമ്യം ചെയ്യുക, അവിടെ വീണ്ടെടുത്തവരുടെ രേഖയെക്കുറിച്ചാണ് പറയുന്നത്. [39]കെജെവിയിലും 22:19-ൽ "ജീവപുസ്തകം" എന്ന പ്രയോഗമാണുള്ളത്, എന്നാൽ നല്ല കൈയ്യെഴുത്തുപ്രതികളിൽ അവിടെ "ജീവ വൃക്ഷം" എന്നാണ്. [40]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "ഭൂതകാലത്തിൽ ജീവിച്ച സഭ" എന്ന പാഠത്തിലെ ജീവപുസ്തകത്തെ കുറിച്ചുള്ള പരാമർശം നോക്കുക. ഈ പാഠത്തിലെ ജീവപുസ്തകത്തെ കുറിച്ചുള്ള പരാമർശവും നിങ്ങൾക്ക് പറയാവുന്നതാണ്.

[41]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം, 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 95. [42]ഈ വാചകവും അടുത്തതും എടുത്തിരിക്കുന്നത്, ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908), റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, (മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 273. [43]സ്മുർന്ന സഭയ്ക്കു ദൂതെഴുതുമ്പോൾ, "രണ്ടാം മരണം" എന്ന വാക്ക് ഉപയോഗിച്ചിരുന്നു (2:11) *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ധനികമായിരുന്ന ദരിദ്ര സ' " എന്ന പാഠം നോക്കുക. [44]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979), 478. വെള്ളത്തിൽ മുങ്ങിക്കൊണ്ടിരുന്ന ഒരാൾക്ക് ഒരു രക്ഷാകവചം എറിഞ്ഞുകൊടുത്തിട്ട് അയാൾ അത് സ്വീകരിച്ചില്ലെങ്കിൽ, അയാളുടെ പ്രവൃത്തിക്ക് അയാൾ തന്നെയായിരിക്കും ഉത്തരവാദി. [45]ഇത് 1997 ജനുവരി, 5 ന് അർക്കൻസാസിലെ ജുഡ്സോനിയ ചർച്ച് ഓഫ് ക്രൈസ്റ്റിൽ ഗ്ലെൻ പെയ്സ് പ്രസംഗിച്ചപ്പോൾ സംഭവിച്ചതാണ്. [46]ജേലോക്കാർട്ട്, "ദ മില്ലെനിയൽ, 2" *ട്രൂത്ത് ഫോർ ടുഡേ* (ജനുവരി 1989); 18. [47]ഇന്ന് ഞാൻ ആ പുസ്തകങ്ങൾ രൂപപ്പെടുത്തുകയാണെങ്കിൽ, അതിനെ "പ്രവൃത്തികളുടെ രേഖ" എന്നായിരിക്കും പേർ നൽകുക.

---

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. വെളിപ്പാട് 20:11-15 ന്റെ പ്രാഥമികമായ ഉദ്ദേശം എന്ത്? അതിൽ *നിങ്ങൾക്ക്* ഒരു സന്ദേശം അടങ്ങിയിട്ടുണ്ടോ?
2. പാഠം അനുസരിച്ച്, ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട ആദ്യത്തെ വസ്തുത എന്ത്?
3. ബൈബിൾ അനുസരിച്ച് എത്ര അന്തിമന്യായവിധിനാളുകളുണ്ട്?
4. ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട രണ്ടാമത്തെ വസ്തുത എന്താണ്?
5. വെളിപ്പാട് 20:11-ൽ സിംഹാസനത്തിൽ ഇരിക്കുന്നത് ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? അത് ദൈവമായാലും യേശുവായാലും എന്തെങ്കിലും വ്യത്യാസം ജനിക്കുന്നുണ്ടോ?

6. ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട മൂന്നാമത്തെ വസ്തുത എന്ത്?
7. നന്മ ചെയ്തവരും തിന്മ ചെയ്തവരുമായ - മരിച്ച എല്ലാവർക്കും പൊതുവായ ഒരു ഉയർത്തെഴുന്നേൽപുണ്ടെന്ന് കാണിക്കുന്ന ഒന്നിലധികം വേദഭാഗങ്ങൾ പറയുക.
8. ന്യായവിധി നാളിൽ നീതിമാന്മാർ ദൈവമുൻപാകെ നിൽക്കുമോ?
9. ന്യായവിധിനാളിനെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട നാലാമത്തെ വസ്തുത എന്ത്?
10. ന്യായവിധി നാളിൽ ഏതെല്ലാം "പുസ്തകങ്ങളാണ്" തുറക്കുക?
11. എന്തർത്ഥത്തിലാണ് "നമ്മുടെ പ്രവർത്തികൾക്കനുസരിച്ച്" ദൈവം ന്യായംവിധിക്കുന്നത്?
12. നിങ്ങളുടെ പാപങ്ങൾ നിങ്ങളുടെ ജീവിതരേഖയിൽ ഇല്ല എന്ന് ഉറപ്പാക്കുന്നതെങ്ങനെ?
13 ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചാമത്തെ വസ്തുത എന്ത്?
14. ബൈബിൾ യഥാർത്ഥത്തിൽ നരകത്തെ കുറിച്ച് പഠിപ്പിക്കുന്നുണ്ടോ?
15. നരകം എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ആലങ്കാരികമാണെങ്കിൽ, നരകം തന്നെ, "അത്ര മോശമല്ലാത്തതായ" ആലങ്കാരികമാകുമോ"?
16. നിങ്ങൾക്ക് നരകത്തിൽ പോകണമെന്നുണ്ടോ? നിങ്ങൾ നരകത്തിൽ പോകുകയില്ല എന്ന് എങ്ങനെ ഉറപ്പിക്കാം?



നാലാമത്തെ കുതിരക്കാരൻ (6:8)



ന്യായവിധി രംഗം (20:11–15)